# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.976      03/12/2014 - ൽ മറുപടിക്ക്

## ചേർത്തല ഇ.എസ്.ഐ ആശുപത്രി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| എ) ചേർത്തല ഇ.എസ്.ഐ ആശുപത്രിയുടെ സൗകര്യക്കുറവുകൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; എത്ര കാലമായി ഇതിനു വേണ്ട നടപടികൾ ആരംഭിച്ചിട്ട് എന്നു പറയാമോ; പുതിയ സൗകര്യ പ്രദമായ വാടക കെട്ടിടം ചേർത്തല ടൗണിൽ ലഭിക്കുന്നതിനുള്ള അന്വേഷണം ഏതുവരെയായി എന്നു പറയാമോ; | എ) ചേർത്തല ഇ.എസ്.ഐ ഡിസ്പെൻസറിയിലെ സൗകര്യക്കുറവുകൾ പരിഹരിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങളുള്ള ഒരു കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉടൻ തന്നെ പുതിയ കെട്ടിടത്തിലേക്ക് മാറുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി) ചേർത്തല ടൗണിന് അധികം ദൂരെയല്ലാത്ത വിധം സ്വന്തമായി സ്ഥലം വാങ്ങി സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കുവാൻ എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തത് എന്ന് വ്യക്തമാക്കാമോ; ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | ബി) കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതും മറ്റും ഇ.എസ്.ഐ കോർപ്പറേഷന്റെ അധികാര പരിധിയിലുള്ള കാര്യങ്ങളാണ്. ഈ വിഷയം ഇ.എസ്.ഐ കോർപ്പറേഷന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ